**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 409** **23-06-2026-ൽ മറുപടിയ്ക്ക്**

**<u>കേരള സ്റ്റേറ്റ് ഡ്രഗ്സ് ആൻഡ് ഫാർമസ്യൂട്ടിക്കൽസിന്റെ വികസനം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ജി. സുധാകരൻ

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി)

**(എ)** കേരളത്തിലെ മരുന്ന് വിലകൾ കുറയ്ക്കാൻ, സർക്കാർ ഉടമസ്ഥതയിലുള്ള ഏക മരുന്നുല്പാദന കേന്ദ്രമായ കെ.എസ്.ഡി.പി (കേരള സ്റ്റേറ്റ് ഡ്രഗ്സ് ആൻഡ് ഫാർമസ്യൂട്ടിക്കൽസ്)-യുടെ വികസനത്തിനും വ്യാപാര വളർച്ചയ്ക്കും സ്വീകരിക്കുന്ന നടപടികളെന്തെല്ലാമെന്ന് വിശദീകരിക്കാമോ;

**<u>മറുപടി:</u>** സംസ്ഥാനത്തെ സർക്കാർ ആശുപത്രികൾക്കും ആരോഗ്യ സ്ഥാപനങ്ങൾക്കും ഗുണമേന്മയുള്ളതും കുറഞ്ഞ വിലയിലുള്ളതുമായ മരുന്നുകൾ ലഭ്യമാക്കുന്നതിനായി കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡിന്റെ ഉൽപ്പാദന ശേഷിയും സാമ്പത്തിക സുസ്ഥിരതയും വർധിപ്പിക്കുന്നതിനുള്ള വിവിധ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നുണ്ട്.

ബീറ്റാ ലാക്ടം, നോൺ ബീറ്റാ ലാക്ടം വിഭാഗം മരുന്നുകൾ ഉത്പാദിപ്പിക്കുന്നതിനുള്ള പ്ലാന്റുകൾ ഇതിനോടകം പ്രവർത്തന സജ്ജമായിട്ടുണ്ട്. Large volume parenterals (LVPs) Small volume parenterals (SVPs) എന്നീ ഇൻജക്ഷൻ മരുന്നുകളുടെ നിർമ്മാണത്തിനുള്ള പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. ഇതിലൂടെ പ്രതിവർഷം ഏകദേശം ₹50 കോടി രൂപയുടെ അധിക ഉൽപ്പാദനവും വരുമാന വർധനവും ലക്ഷ്യമിടുന്നു.

നിലവിലുള്ള മരുന്ന് നിർമ്മാണ യൂണിറ്റുകളുടെ നവീകരണം, കാർട്ടൻ പാക്കിംഗ്, ലേബലിംഗ് തുടങ്ങിയ അനുബന്ധ സൗകര്യങ്ങളുടെ വികസനം, NABL അംഗീകൃത ലാബ് സൗകര്യങ്ങളുടെ ശക്തിപ്പെടുത്തൽ എന്നിവയും കമ്പനിയുടെ പരിഗണനയിലുണ്ട്.

ഓപ്പൺ മാർക്കറ്റിലേക്കുള്ള മരുന്ന് ഉൽപ്പാദനവും വിപണനവും കൂടുതൽ വിപുലീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിലൂടെ സ്ഥാപനത്തിന്റെ വരുമാനവും ലാഭക്ഷമതയും വർധിപ്പിക്കാൻ സാധിക്കുന്നതാണ്. സംസ്ഥാനത്ത് മെഡിമാർട്ട് ശൃംഖല കൂടുതൽ വിപുലീകരിച്ച് പൊതുജനങ്ങൾക്ക് ഗുണമേന്മയുള്ള മരുന്നുകൾ കുറഞ്ഞ വിലയിൽ ലഭ്യമാക്കുന്നതിനും KSDP ഉൽപ്പന്നങ്ങളുടെ വിപണന സാധ്യത വർധിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ക്യാൻസർ മരുന്നുകളുടെ ഉല്പാദനത്തിനായുള്ള ഓങ്കോളജി പാർക്ക് പ്രോജക്ട് നടപ്പിലാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരികയാണ്.

മേൽ പ്രവർത്തനങ്ങളിലൂടെ KSDP-യുടെ ഉൽപ്പാദന ശേഷി, സാമ്പത്തിക സ്ഥിരത, വിപണി സാന്നിധ്യം എന്നിവ ഗണ്യമായി മെച്ചപ്പെടുകയും സംസ്ഥാനത്തെ പൊതുജനാരോഗ്യ മേഖലയ്ക്ക് കൂടുതൽ ഫലപ്രദമായ പിന്തുണ നൽകാൻ സ്ഥാപനത്തിന് സാധിക്കുകയും ചെയ്യും.

**(ബി)** പ്രസ്തുത സ്ഥാപനത്തിലെ ജീവനക്കാരുടെ സേവന, വേതന വ്യവസ്ഥകൾ പരിഷ്കരിക്കുമോ; വിശദീകരിക്കാമോ?

**മറുപടി:** പ്രസ്തുത സ്ഥാപനത്തിലെ ഓഫീസർ വിഭാഗം ജീവനക്കാരുടെ ശമ്പള പരിഷ്കരണം സംബന്ധിച്ച് കമ്പനി സമർപ്പിച്ച നിർദ്ദേശം സർക്കാർ പരിശോധിച്ച് വരികയാണ്. വർക്ക്മെൻ വിഭാഗം ജീവനക്കാരുടെ ശമ്പള പരിഷ്കരണം സംബന്ധിച്ച നിർദ്ദേശം, നിലവിലെ മാനദണ്ഡങ്ങൾ പാലിച്ചു കൊണ്ട് പുന:സമർപ്പിക്കാൻ കമ്പനിക്ക് നിർദ്ദേശം നൽകിയിരിക്കുകയാണ്.

**സെക്ഷൻ ഓഫീസർ**